തിരുവനന്തപുരം ജില്ലയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

150 (1619) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് ;

(ബി) ഇങ്ങനെ തസ്തികൾ ഒഴിഞ്ഞുകിടക്കാൻ ഉണ്ടായ സാഹചര്യം എന്തെന്ന് വിശദീകരിക്കാമോ ;

(സി) ഇത്തരം ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഡോക്ടർമാരുടെ 8 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഡോക്ടർമാർ സർവ്വീസിൽനിന്നും വിരമിച്ചതിനാലാണ് ഒഴിവ് വന്നത്.

(സി)&(ഡി) ഈ തസ്തികകൾ സിവിൽ സർജൻ കേഡറിലുള്ളതാണ്. അസിസ്റ്റന്റ് സർജൻമാരുടെ പ്രൊമോഷനിലൂടെയാണ് ഇവ നികത്തുന്നത്. സിവിൽ സർജൻ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള സെലക്ട് ലിസ്റ്റ് ഇപ്പോൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ പ്രൊമോഷൻ മുഖേന ഈ തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

കൊരട്ടി ലെപ്രസി ആശുപത്രിയുടെ ശോച്യാവസ്ഥ

151 (1620) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടിയിലെ ലെപ്രസി ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് എന്നും അവ എന്നൊക്കെയായിരുന്നുവെന്നും അറിയിക്കുമോ ;

(സി) നിശ്ചിത കാലയളവിനുള്ളിൽ എച്ച്.ഡി.സി. യോഗം ചേർന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly